# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ: എച്ച്.നജീബ്)

സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - കുന്നുമ്മൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.എ.ജി.ജയന്റെ സീനിയോരിറ്റിയിലെ അപാകത പരിഹരിച്ച് ഉത്തരവാക്കുന്നത് - സംബന്ധിച്ച്

| ഉത്തരവ് നം. 6070/എസ്റ്റാ. ഡി4/2017/സിആർഡി | തീയതി:15.03.2021 |
|---|---|

പരാമർശം:- 1) കോഴിക്കോട് അസി. ഡെവലപ്മെനറ് കമ്മീഷണർ (ജനറൽ) ന്റെ 03.02.2021 ലെ ആർ.ഡി2/2719/2019 നമ്പർ കത്ത് പ്രകാരം ലഭിച്ച ശ്രീ.എ.ജി.ജയൻ എന്നയാളുടെ 14.01.2021 ലെ അപേക്ഷ

2) ഈ ഓഫീസിലെ 19.04.2018 ലെ 6070/എസ്റ്റാ.ഡി4/17/സി.ആർ.ഡി നമ്പർ ഉത്തരവ് .

3) ഈ ഓഫീസിലെ 11.05.2018 ലെ 6070/എസ്റ്റാ.ഡി4/17/സി.ആർ.ഡി നമ്പർ ഉത്തരവ്

4) സ.ഉ(പി)നം.5/2010/പിഎആർ.ഡി തിയതി 09.03.2010.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിൽ കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്കിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീ.എ.ജി.ജയൻ എന്നയാളുടെ സീനിയോരിറ്റി പരാമർശം (2) ഉത്തരവുപ്രകാരം പ്രസിദ്ധീകരിച്ച കരട് സീനിയോരിറ്റി ലിസ്റ്റിൽ 256 ആണ്. ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിൽ എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പി.എസ്.സി. അഡ്വൈസ് ചെയ്ത തീയതിയായ 07.07.2011 പ്രകാരമായിരുന്നു സീനിയോരിറ്റി നിശ്ചയിച്ചത്. എന്നാൽ പരാമർശം (3) ഉത്തരവ് പ്രകാരം അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ടിയാളുടെ സീനിയോരിറ്റി 372 ആയി നിശ്ചയിച്ചു.. നിയമ വകുപ്പിൽ നിന്നും ഗ്രാമവികസന വകുപ്പിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിച്ച് ജോലിയിൽ പ്രവേശിച്ച തീയതിയായ 06.06.2015 പ്രകാരമാണ് ടിയാളുടെ സീനിയോരിറ്റി കണക്കാക്കിയിരിക്കുന്നത്.

ജില്ലാ ഓഫീസുകളില്ലാത്ത വകുപ്പുകളുടെ ഹെഡ് ക്വാട്ടേഴ്സ് ഒഴിവിൽ നിയമിതരാകുന്ന ജീവനക്കാർക്ക് 5 വർഷത്തിനുള്ളിൽ അഡ്വൈസ് ചെയ്ത ജില്ലയിലേയ്ക്ക് തിരികെ വരുമ്പോൾ സീനിയോറിറ്റി, അഡ്വൈസ് ചെയ്ത തീയതി മുതൽ നൽകണമെന്ന് പരാമർശം (4) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ പരാമർശം (4) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ശ്രീ.എ.ജി. ജയൻ എന്നയാളുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സീനിയോരിറ്റി പി.എസ്.സി. അഡ്വൈസ് തീയതിയായ 07.07.2011 പ്രകാരം ക്രമീകരിച്ച് അന്തിമ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നമ്പർ 257 ആയ ശ്രീമതി.രജിത.കെ.ഡി.യ്ക്കും സീനിയോരിറ്റി നമ്പർ 258 ആയ ശ്രീ. പ്രസാദിനും ഇടയ്ക്കായി ക്രമനമ്പർ 257(എ) ആയി സീനിയോരിറ്റി നിശ്ചയിച്ച് പരാമർശം (3) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

1. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോട്
2. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, കുന്നുമ്മൽ
3. ശ്രീ.എ.ജി.ജയൻ, കുന്നുമ്മൽ ബ്ലോക്ക്, (ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, കുന്നുമ്മൽ മുഖേന)
4. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

G